മത്സ്യത്തൊഴിലാളികളുടെ ജോലി സുരക്ഷ

197 (4821) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിലെ മത്സ്യത്തൊഴിലാളികളുടെ ജോലി സുരക്ഷ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഹെറിട്ടേജ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തലശ്ശേരിയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നേരിടാൻ പോകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(സി) തലശ്ശേരിയിലെ മത്സ്യത്തൊഴിലാളികൾക്ക് നിലവിലുള്ള മത്സ്യ വിതരണ മത്സ്യബന്ധന സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇത് സംബന്ധമായി ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തലശ്ശേരി തീരദേശ പരമ്പരാഗത തൊഴിൽ സംരക്ഷണ സമിതിയുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാധ്യതയില്ല. തലായ് മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് അത് കൂടുതൽ ഗുണകരമാകുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്. നിലവിലുള്ള മത്സ്യബന്ധന സൗകര്യത്തിന് ദോഷകരമാവുന്ന ഒരു പ്രവൃത്തിയും സർക്കാർ ആലോചിച്ചിട്ടില്ല.

(ഡി) നിവേദനത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുവാൻ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുമ്പോൾ ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

198 (4822) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ കടലിൽ വച്ച് എത്ര മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞുവെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly